LIBRARY ARCHIVES Kerala Legislative Assembly

സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006, 2010 ആഗസ്റ്റ് 5 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നതോടുകൂടി പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം സംബന്ധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ഫുഡ് സേഫ്റ്റി കമ്മീഷണറിൽ നിക്ഷിപ്തമായിട്ടുണ്ട്. ആയതിനാൽ ക്ഷീര വികസന വകുപ്പിനു കീഴിലുള്ള ഉദ്യോഗസ്ഥൻമാർ ലഭ്യമാക്കുന്ന പരിശോധനാ റിപ്പോർട്ട് തുടർനടപടികൾക്കായി ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നൽകാറുണ്ട്. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ അനലറ്റിക്കൽ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാലിന്റെ ഉപഭോഗം കൂടുന്ന കാലയളവുകളിൽ വർദ്ധിച്ച അളവിൽ അന്യസംസ്ഥാനത്തുനിന്ന് പാൽ എത്തുന്നതിനാൽ എല്ലാ ചെക്ക്പോസ്റ്റുകളിലും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ച് സംസ്ഥാനത്ത് എത്തിച്ചേരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ മിൽമയിൽനിന്നും വിതരണം ചെയ്യപ്പെടുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനം മിൽമയുടെ എല്ലാ ഡെയറികളിലും സജ്ജീകരിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന ഹെറിറ്റേജ് പത്മനാഭ, ജേഷ്മ, മെയ്മ എന്നീ പേരുകളിൽ വില്പന നടത്തിയിരുന്ന പാൽ ബ്രാന്റുകൾ 2013 വർഷത്തെ പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്തിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന ഹെറിറ്റേജ് പത്മനാഭ, ജേഷ്മ, മെയ്മ എന്നീ പേരുകളിൽ വില്പന നടത്തിയിരുന്ന പാൽ ബ്രാന്റുകളിൽ 2013 വർഷത്തെ പരിശോധനയിൽ ഫോർമാലിന്റെ അംശം കണ്ടെത്തിയിട്ടുണ്ട്. മറ്റ് വിഷാംശങ്ങളോ കീടനാശിനികളോ കണ്ടെത്തിയിട്ടില്ല.

(ഡി) പാലും പാലുല്പന്നങ്ങളും കൊണ്ടുവരുന്നതിന് ഏജൻസികൾക്ക് ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമമനുസരിച്ച് ലൈസൻസോ/രജിസ്ട്രേഷനോ നിർബന്ധമാണ്.

പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത

53 (3337) ശ്രീ. മാത്യു. റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലുല്പാദന രംഗത്ത് കേരളത്തെ ഒരു സ്വയം പര്യാപ്ത സംസ്ഥാനമാക്കി മാറ്റിയെടുക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പാലിന്റെ ഉപഭോഗം പ്രതിദിനം എത്രയാണെന്നും, പാലിന്റെ ഉല്പാദനം എത്രയാണെന്നും, കുറവ് എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞവർഷം സംസ്ഥാനത്ത് പൊട്ടിപ്പുറപ്പെട്ട കുളമ്പുരോഗം പാലുൽപ്പാദനത്തെ എപ്രകാരം ബാധിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിദിന ആളോഹരി ആവശ്യകത 250 ഗ്രാം എന്ന കണക്കിൽ സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 85 ലക്ഷം ലിറ്റർ പാൽ ഉപഭോഗത്തിനായി ആവശ്യമായി വരും. സംസ്ഥാനത്തെ ആളോഹരി പാൽ ലഭ്യതയ്ക്കനുപാതികമായി സംസ്ഥാനത്തിന്റെ പാൽ ആവശ്യകത കണക്കാക്കിയാൽ കേരളത്തിൽ ആവശ്യമുള്ള പാലിന്റെ ഏകദേശം 90% മാത്രമേ ഉത്പാദിപ്പിക്കപ്പെടുന്നുള്ളൂ.

(സി) കാലിമരണങ്ങൾക്കാനുപാതികമായി പാൽ ഉത്പാദനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിലും ക്ഷീരസംഘങ്ങൾ വഴിയുള്ള സംഭരണത്തിലോ വിപണനത്തിലോ കുറവ് വന്നിട്ടില്ല.

ക്ഷീരകർഷക ക്ഷേമനിധി

54 (3338) ശ്രീ. വി. ശശി : താഴെകാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ക്ഷിരകർഷക ക്ഷേമനിധിയിൽ 2012 ജനുവരി 1 മുതൽ നാളിതുവരെ തിരുവനന്തപുരം ജില്ലയിലെ എല്ലാ ബ്ലോക്കുകളിലുമുള്ള താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കുമോ :

1. അംഗത്വത്തിന് അപേക്ഷിച്ചവരുടെ എണ്ണം
2. അംഗത്വം അംഗീകരിച്ചവരുടെ എണ്ണം
3. പെൻഷന് അപേക്ഷിച്ചവരുടെ എണ്ണം
4. പെൻഷൻ ലഭിച്ചവരുടെ എണ്ണം
5. കുടുംബപെൻഷന് അപേക്ഷിച്ചവരുടെ എണ്ണം

LIBRARY ARCHIVES Kerala Legislative Assembly